## മലയാളികൾ എന്നും ജനാധിപത്യത്തിന്റെ വഴിയിൽ

മനുഷ്യൻ ഒരു സമൂഹജീവിയാണ്. ഒരു സാമൂഹിക ജീവിതം നയിക്കുന്നതിൽ പരസ്പരാശ്രയത്വത്തിന്റെ പ്രാധാന്യം വളരെ പ്രധാനമാണ്. അതുകൊണ്ട് തന്നെ ഈ പരസ്പരാശ്രിതത്വത്തെ നാം ഊട്ടിയുറപ്പിക്കുന്നത് ആശയങ്ങളുടെ വിനിമയത്തിലൂടെയാണ്. പ്രാരംഭകാലം മുതൽ തന്നെ ആശയവിനിമയത്തിനായി, വാർത്താവിനിമയത്തിനായി മനുഷ്യൻ പരമ്പരാഗതവും അല്ലാത്തതുമായ മാധ്യമങ്ങളെ ആശ്രയിച്ചിരുന്നു. അത് ആംഗ്യഭാഷയിൽ നിന്നും ചുവരെഴുത്തുകളിൽ നിന്നും തുടങ്ങി വാമൊഴിയായും വിദൂരദേശങ്ങളിലുള്ളവരെ ബന്ധിപ്പിക്കുന്ന തപാലായ ആശയവിനിമയമായും പരിണമിച്ചിരിക്കുന്നു.

പത്രമാധ്യമങ്ങൾ, ടെലിവിഷൻ, സിനിമ, റേഡിയോ എന്നീ മാധ്യമങ്ങൾ ആദ്യകാലത്തുണ്ടായവയാണ്. തുടർന്ന് ഇന്റർനെറ്റിന്റെ കണ്ടുപിടിത്തത്തോടെ മാധ്യമരംഗവും നവീകരിക്കപ്പെട്ടു. പരമ്പരാഗത മാധ്യമങ്ങളിൽ നിന്നും നവമാധ്യമങ്ങളിൽ ഒള

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

വ്യത്യസ്തമാക്കുന്നത് അവയുടെ സാമൂഹ്യ സമ്പർക്കമാണ്. അതെ, ഇത് സാമൂഹ്യസമ്പർക്ക മാധ്യമങ്ങളുടെ കാലമാണ്. ഇവിടെ ജനപങ്കാളിത്തത്തിന്, അവരുടെ ആശയാവതരണത്തിന് നാം പ്രാധാന്യം നൽകുന്നു.

ആരാണ് മലയാളികൾ? അവർ മലയാളഭാഷ സംസാരിക്കുന്നവരും കേരളത്തിൽ ജീവിക്കുന്നവരുമാണ്. കുടിയേറ്റ മലയാളികളും ഈ ഗണത്തിൽ പെടും. കേരളീയരെ സംബന്ധിച്ചിടത്തോളം അവരെ ഒരു കുടക്കീഴിലാക്കുന്നത് മലയാളഭാഷയാണ്. അതിനാൽ തന്നെ നവമാധ്യമങ്ങൾ മലയാളികളെയും മലയാള ഭാഷയെയും ഒരു പോലെ സ്വാധീനിച്ചിട്ടുണ്ട്. മറ്റെല്ലാകാര്യങ്ങളെക്കാളും മലയാളികളുടെ സാമൂഹ്യ ജീവിതത്തെ സ്വാധീനിച്ചതും നവമാധ്യമങ്ങളാണ്. ഒരു തരത്തിൽ പറഞ്ഞാൽ മലയാളി ഇന്ന് നവമാധ്യമങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന ഒരു സമൂഹജീവിയാണ്.

~~നവമാധ്യമങ്ങളിൽ~~ പ്

മാധ്യമങ്ങളിൽ വളരെയേറെ ശ്രദ്ധേയമായ ഒന്നാണ് നാലാം എസ്റ്റേറ്റായ പത്രമാധ്യമങ്ങൾ.

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: 944 Participant Code: 105

അവ ജനാധിപത്യ സംവിധാനത്തെ സംരക്ഷിക്കുന്ന കാവൽനായ്ക്കളായി വിശേഷിപ്പിക്കപ്പെടുന്നു. ശക്തവും സത്യവും ശുദ്ധവുമായ വിവരങ്ങൾ കൈമാറുക, അതിൽ നിഷ്പക്ഷത പുലർത്തുക എന്നതാണ് മാധ്യമപ്രവർത്തനത്തിന്റെ നീതിശാസ്ത്രം. അതിന്റെ എല്ലാ തലങ്ങളും പരിഗണിച്ച് മുന്നോട്ടുപോകുന്ന മാധ്യമപ്രവർത്തകരും മലയാളത്തിലുണ്ടായിട്ടുണ്ട്. മലയാളപത്രപ്രവർത്തനത്തിന്റെ കുലപതിയായ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള അടക്കമുള്ളവർ എന്താണ് നിഷ്പക്ഷ മാധ്യമപ്രവർത്തനം എന്ന് വളരെ കൃത്യമായി മലയാളികളെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. "ദൈവം തെറ്റുചെയ്താലും ഞാനത് എഴുതും" എന്ന അദ്ദേഹത്തിന്റെ വചനങ്ങൾ ആ സത്യസന്ധത പ്രതിഫലിപ്പിക്കുന്നു. എന്നാൽ നേരെ മറിച്ച് 'മിന്നുന്നതെല്ലാം പൊന്നല്ല' എന്ന പോലെ ~~ക~~ തന്റെ സ്വാർത്ഥലാഭങ്ങൾക്കായി പ്രവർത്തനം നടത്തുന്ന മാധ്യമപ്രവർത്തകരും ഉണ്ട് എന്നത് നാം അംഗീകരിക്കേണ്ടതുണ്ട്. അവരുടെ പ്രവർത്തനങ്ങൾ കുഞ്ചൻനമ്പ്യാരുടെ വരികളായ "ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: 944 Participant Code: 105

പത്രം" എന്നതുപോലെയാണ്.

ഇത്തരം ക്രമക്കേടുകളിൽ നിന്ന് ഒരു പരിധിവരെ നവമാധ്യമങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അതാണ് യൂട്യൂബ്, ഫേസ്ബുക്ക്, ഇന്റർനെറ്റ് തുടങ്ങിയ സാമൂഹ്യമാധ്യമങ്ങൾ ഓരോ വ്യക്തിയുടെയും അഭിപ്രായങ്ങളെയും ആദർശങ്ങളെയും അംഗീകരിക്കുന്ന ഒരു ജനാധിപത്യവേദി സജ്ജമാക്കിയിട്ടുണ്ട്. ഇന്നത്തെ സാങ്കേതികവൽക്കരണത്തിലൂടെ ഭൂരിഭാഗം ആളുകളും തങ്ങളുടെ വ്യക്തിഗത പേജുകളിൽ വിവിധ സാമൂഹ്യപ്രശ്നങ്ങളെ സംബന്ധിച്ച അഭിപ്രായങ്ങൾ പങ്കുവയ്ക്കുന്നുണ്ട്. പത്രങ്ങളിലെയും മാഗസിനുകളിലെയും എഡിറ്റോറിയലുകളിൽ നിന്ന് ഇവയെ വ്യത്യസ്തമാക്കുന്നത് തത്സമയ മറുപടിക്കുള്ള അവസരമാണ്. ഇതിലൂടെ തീർത്തും ജനാധിപത്യപരമായ അനേകം ചർച്ചകൾ നടക്കുന്നുണ്ട്.

ജനാധിപത്യരീതികളിൽ നിന്നും വ്യതിചലിച്ച് സ്വന്തം കാര്യങ്ങൾക്ക് പ്രാധാന്യം കൊടുത്ത്, സ്വാഭിപ്രായങ്ങളെ പങ്കുവയ്ക്കാതെ, ജീവിതപുരോഗമനത്തിൽ ലക്ഷ്യം വച്ച മലയാളിക്ക് മുൻപിൽ സാങ്കേതികവൽക്കരണം ആശയവിനിമയത്തിന്റെ അനന്ത സാധ്യതകളാണ്

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 944 Participant Code: 105

തുറന്നുവച്ചത്. തന്റെ തിരക്കുകൾക്കിടയിലും സാമൂഹ്യ-
പ്രശ്നങ്ങളിലും ജനാധിപത്യ ചർച്ചകളിലും പങ്കാളിയാ-
വാൻ ഇന്ന് മലയാളിക്ക് കഴിയുന്നുണ്ട്. അതാത്
ഇന്ന് നമുക്കു നേരെവന്നിരിക്കുന്ന ചോദ്യങ്ങളുടെയും
കാര്യകാരണാന്വേഷണങ്ങളുടെയും ഹേതു. അനു-
ച്ഛേദം (പത്തൊൻപത്-ഒന്ന്) പ്രകാരമുള്ള അം തന്റെ
വ്യക്തമായ അഭിപ്രായസ്വാതന്ത്ര്യത്തെ മുഖവുര-
യ്ക്കെടുക്കാൻ, പക്ഷെ കോർപ്പറേറ്റ് കുത്തകയ്ക്കും
മൂലധന ശക്തികൾക്കുമെതിരെ അനീതിയുണ്ടെങ്കിൽ
ചോദ്യങ്ങളുയർത്താൻ ഇന്നു നാം സജ്ജരാണ്.
പാഠ്യപദ്ധതിയുടെ പരിഷ്കരണവും ലൈംഗികവിദ്യാഭ്യാസ-
ത്തിന്റെ ആവശ്യകതയും പരിസ്ഥിതിക്ക് അനുകൂല-
മായ സുസ്ഥിരവികസനവും ഒക്കെ സംബന്ധിച്ച
ചർച്ചകളിൽ പൊതുജനങ്ങൾ, നേരിട്ടും മറ്റ്
സാങ്കേതികവിദ്യയുടെയും ഉപയോഗത്തോടെയും
പ്രാപ്തരാണ്. യഥാർഥത്തിൽ ഈ നവമാധ്യമങ്ങൾ
തന്റെ ദേശത്തിന്റെ പുരോഗമന പ്രവർത്തനങ്ങളിൽ
പങ്കാളിയാവാൻ കുടിയേറ്റമലയാളികൾക്കും അവസരം
നൽകിയിട്ടുണ്ട്.

ഏതുകാര്യത്തിനും നല്ലവശവും ദൂഷ്യവശവും

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ഉള്ളതുപോലെ നവമാധ്യമങ്ങൾ മലയാളികൾക്കുമേൽ
ചെലുത്തുന്ന സ്വാധീനത്തിനും രണ്ട് വശങ്ങളുണ്ട്.
ഏതു ഘടകങ്ങളൊക്കെയാണ് മാധ്യമസ്വാധീനത്തിന്റെ നല്ല
വശങ്ങൾ? ~~ഇത~~ ഏ ഘടകങ്ങളൊക്കെയാണ് മാധ്യമസ്വാധീ-
നത്തിന്റെ ദൂഷ്യവശങ്ങൾ? എന്നീ ചോദ്യങ്ങൾ
ക്കാണ് നാം ഉത്തരം കണ്ടെത്തേണ്ടത്. "ചിന്തിക്കാൻ
സഹായിക്കുന്ന ഉപകരണമാകുന്നു വായന" എന്നാ-
ണ് എഡ്വേർഡ് ഗിബ്ബൺ പറഞ്ഞിട്ടുള്ളത്. അതെ
വായനയിലൂടെ നാം നേടുന്ന അറിവാണ് എല്ലാ-
കാര്യത്തെ പറ്റിയും പക്ഷപാതരഹിതമായി ചിന്തിക്കാൻ
നമ്മെ പ്രാപ്തമാക്കുന്നത്. മാധ്യമസാക്ഷരതയും
പൊതുപ്രശ്നങ്ങളെ സംബന്ധിച്ച ജനകീയ ചർച്ചക-
ളും സ്ത്രീഉന്നമനത്തിന് നൽകുന്ന പ്രാധാന്യവും ന്യൂന-
പക്ഷത്തെയും ഭൂരിപക്ഷത്തെയും മനുഷ്യനായി
പരിഗണിക്കണം എന്നതും ജനാധിപത്യമൂല്യങ്ങളുടെ
സംരക്ഷണവും ഒക്കെ അവയിൽ ചിലതാണ്.

നവമാധ്യമങ്ങൾ തുറന്നിട്ട അവസരങ്ങളു-
ടെ പ്രളയം മലയാളിയെ ജനാധിപത്യമൂല്യങ്ങൾ
സംബന്ധിച്ച കാര്യങ്ങളെപ്പറ്റിയും അവയുടെ പ്രാധാ-
ന്യത്തെപ്പറ്റിയും ബോധവാനാക്കി. ഈ ക സാമൂഹ്യമാധ്യമ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

Item Code: 944 Participant Code: 105

[illegible] നടക്കുന്ന ഗൗരവമായ ജനകീയ ചർച്ചകളും പ്രശ്നപരിഹാരണവും മലയാളിയുടെ ജനാധിപത്യ-നവോത്ഥാന മൂല്യങ്ങളെ ഊട്ടിയുറപ്പിച്ചു. സ്ത്രീകളെ എല്ലാ രംഗങ്ങളിലും പരിഗണിക്കുന്നതും അവരുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതും അവരുടെ ശാക്തീക-രണത്തിലേക്ക് നയിച്ചു. ഇത്തരത്തിലുള്ള ശാക്തീകര-ണം കുടുംബശ്രീ അടക്കമുള്ള പ്രസ്ഥാനങ്ങളെ കൂടുതൽ ജനകീയമാക്കി. പൊതുഇടങ്ങൾ പുരുഷാധി-പത്യത്തിന്റെ മാത്രം കേന്ദ്രങ്ങളാണ്, അകത്തളങ്ങ-ളും അടുക്കളകളുമാണ് സ്ത്രീയുടെ ഇടം എന്ന സമൂഹത്തിന്റെ വിശ്വാസത്തിന് മങ്ങലേൽപ്പിച്ചു. "മറവിക്കെതിരായ ഓർമ്മകളുടെ സമരമാണ് രാഷ്ട്രീയം" എന്നാണ് മിലാൻ കുന്ദേര പറഞ്ഞിരിക്കുന്നത്. അതെ, ഞങ്ങൾ തങ്ങൾ അടുക്കളയിൽ മാത്രം തള-ച്ചിടപ്പെടേണ്ടവരാണ്, അഭിപ്രായം അവതരിപ്പിക്കാൻ സ്വാതന്ത്ര്യമില്ലാത്തവരാണ്, എന്ന പരികൽപനകളിലൂടെ ഈ സമൂഹം വാഴ്ത്തിവീഴ്ത്തിയ സ്ത്രീസമൂഹത്തെ പുരുഷൻ മറന്നിരിക്കുന്നു. അതിനാൽ തന്നെ ആ മറവിയെ ചെറുക്കാൻ ഓർമ്മകളെ, ചരിത്രത്തെ കൂട്ടുപിടിച്ച് പുരോഗമനം സാധ്യമാക്കാൻ നവമാധ്യ-

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

മനങ്ങൾ സഹായിച്ചിട്ടുണ്ട്.

ഉദാഹരണമായാണ് ഈ നവമാധ്യമ സ്വാധീ-
നത്തിന്റെ ദൂഷ്യവശങ്ങൾ. പലപ്പോഴും വർഗ്ഗീയതയെ-
യും വംശീയതയും ~~ഇക്കാ~~ ഈ സ്വകാര്യകുത്തകകളും
ഭരണകൂടവും ഇക്കാല മാധ്യമങ്ങളെ സ്വാധീനിക്കു-
ന്നുണ്ട്. അതിനാൽ തന്നെ ഇത്തരം മാധ്യമങ്ങളി-
ലൂടെ ജനങ്ങളും വംശീയതയോടും വർഗ്ഗീയതയോടും
മൂലധന ശക്തികളോടും കൂറുള്ളവരായി മാറുന്നു. അതാ-
യത് ചെറിയരീതിയിലെങ്കിലും ഇത്തരം ആശയങ്ങൾ
സ്വീകരിക്കാൻ മലയാളികൾ സജ്ജരായിരിക്കുന്നു. മറ്റൊ-
ന്ന് ഈ മാധ്യമങ്ങളും വിപണിയുടെയും ഉപഭോഗശക്തി
താൽപര്യങ്ങൾ സംരക്ഷിക്കുന്നു. അതായത്, ചിലപ്പോ-
ഴൊക്കെ വിപണിയുടെ അദൃശ്യമായ താൽപര്യങ്ങൾ
~~ന~~ പങ്കുവയ്ക്കാൻ ഈ മാധ്യമങ്ങൾ ~~ന~~ ശ്രമിക്കുന്നു.
അതിനാൽ വിപണിയുടെ കച്ചവടവും കമ്പോളയുക്തി-
യിലധിഷ്ഠിതവുമായ മൂല്യങ്ങൾ ചിലരെങ്കിലും
അംഗീകരിക്കുന്നു. ~~സ്ത്രീശരീരത്തെ മാത്രമല്ല~~, മനുഷ്യശരീര-
ത്തെയൊന്നാകെ വിവിധ ഭാവുകത്വപരമായി
വന്ന മാറ്റമാണ് എന്ന പേരിൽ പൂർണ്ണ നഗ്നമായും
അല്ലാതെയും വിവിധരീതികളിൽ ചിത്രീകരിച്ച്,

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

കമ്പോള~~യുക്തിക്കനുസൃതമാകുന്ന വിധത്തിൽ~~ വൽക്കരിക്കുന്നു. ഇത്തരത്തിൽ കമ്പോളയുക്തിക്ക് മാത്രം പാത്രമാവുന്നത് പലപ്പോഴും സ്ത്രീശരീരങ്ങളാണ്. സ്ത്രീയെ ഒരു ഉപഭോഗവസ്തുമാത്രമായാണ് കാണേണ്ടത്, ജാതിയുടെയും മതത്തിന്റെയും പേരിലുള്ള വിവേചനങ്ങൾ ആവശ്യമാണ്, വർഗ്ഗീയത നല്ലതാണ് എന്നൊക്കെയുള്ള ആശയങ്ങൾ വിനിമയം ചെയ്യുന്ന പരസ്യങ്ങളും മറ്റ് മാർഗ്ഗങ്ങളും ചെറിയ തോതിലെങ്കിലും മാധ്യമങ്ങൾ പിന്തുടരുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ~~[illegible]~~ ചെറിയതോതിലാണെങ്കിൽ കൂടിയും പൊതുജനത്തെ ~~സ്വാധ~~ വളരെയധികം സ്വാധീനിക്കുന്ന നവമാധ്യമങ്ങൾ എന്ന നിലയിൽ അതിന്റെ ദൂഷ്യഫലവും ~~ഗ~~ പരിഗണിക്കപ്പെടേണ്ടതാണ്.

മലയാളി അഭിമുഖീകരിക്കുന്ന സമകാലിക പ്രശ്നങ്ങൾ എന്തൊക്കെയാണ്? തൊഴിലില്ലായ്മയും യുക്തിചിന്തയുടെയും ശാസ്ത്രചിന്തയുടെയും അഭാവവും ലഹരിമരുന്നുപയോഗവ്യാപനവും ആഭിചാരക്കൊലകളും വികസനരംഗത്തെ പ്രശ്നങ്ങളുമൊക്കെ അവയിൽ ചിലത് മാത്രമാണ്. ഇത്തരം കാര്യങ്ങളിലും നവമാധ്യ-

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: 944 Participant Code: 105

മനുഷ്യർക്ക് പ്രത്യക്ഷവും പരോക്ഷവുമായ ബന്ധമുണ്ട്. തൊഴിലില്ലായ്മ സൃഷ്ടിക്കുന്ന അനിശ്ചിതത്വത്തിൽ നിന്ന് മലയാളി എത്തിച്ചേരുന്ന പരമ്പരാഗത തൊഴിലുകളിൽ നിന്നും വ്യത്യസ്തമായി വാടകക്കൊലയാളി സംഘങ്ങളുടെയും ലഹരിമരുന്നു മാഫിയകളുടെയും മധ്യത്തിലേക്കാണ്. ഇതിൽ സാങ്കേതിക വിദ്യ സാധ്യമാക്കുന്ന അവസരങ്ങളും, അതായത് ആശയവിനിമയ സാധ്യതകളും ദൃശ്യവൽക്കരണവും ഏറെ ദുരുപയോഗം ചെയ്യപ്പെടുന്നുണ്ട്. മലയാളിയുടെ വൈവിധ്യപൂർണ്ണമായ സംസ്കാരത്തിന്റെ, ഉന്മൂലനത്തിലേക്കും ഇവ സഞ്ചരിക്കുന്നുണ്ട്. കൗമാരക്കാരിലും ഇപ്പോൾ ഉണ്ടാകുന്ന അശ്ലീലതയ്ക്കു സാധ്യമാക്കുന്ന സ്വീകാര്യതയിലേക്കും, മലയാളത്തിന്റെ തനിമയത് നമ്മുടെ വേരുകളുടെ പറിച്ചുനടീലിലേക്കും ഇവ വഴിവെക്കുന്നുണ്ട്. ആഭിചാരക്കൊലകളുടെ സാഹചര്യത്തിൽ പറഞ്ഞാൽ ജനമാധ്യമങ്ങൾ പങ്കുവയ്ക്കുന്ന ആത്മീയതയുടെയും മതവൈരത്തിന്റെയും സ്ത്രീവിരുദ്ധതയുടെ പരിപാടികളും മലയാളിമനസ്സുകളെ യന്ത്രസംസ്കാരത്തിന്റെ പുനരുജ്ജീവനത്തിലേക്ക് നയിക്കുന്നുണ്ട്.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം
2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: 944 Participant Code: 105

ഇത്തരത്തിൽ മലയാളിയെ ജീവിതത്തി-
ന്റെ, എല്ലാ തലങ്ങളിലും മാധ്യമങ്ങൾ സ്വാധീനി-
ക്കുന്നുണ്ട്. ~~[illegible]~~ പലപ്പോഴും മാധ്യമങ്ങളുടെ
അഭിപ്രായങ്ങളും ആദർശങ്ങളുമൊക്കെയാണ് ഒ മലയാളി-
യുടേതുമാകുന്നു. ഈ സന്ദർഭത്തിൽ "ആശയം മാച്ചു
വെക്കാനാണെങ്കിൽ പിന്നെന്തിനാണ് എനിക്ക്
വാക്കുകൾ നൽകിയത്" എന്ന സൂസേ ഷരമാ-
ഗോയുടെ വചനങ്ങളെ നാം ചിന്തക്ക് ചർച്ചക്ക്
വിധേയമാക്കേണ്ടതുണ്ട്. അങ്ങനെ എല്ലാത്തിനേയും
ജനാധിപത്യപരമായി ~~വിമർശനാത്മകമായി~~ സമീപിച്ചുകൊണ്ട്, ജനാധിപത്യമൂല്യ-
ങ്ങളെ, നമ്മുടെ നവോത്ഥാന മൂല്യങ്ങളെ, മതേതര
പാരമ്പര്യത്തെ മനസ്സിലാക്കിക്കൊണ്ട് നാം മുന്നേ-
റണം. നാം ~~[illegible]~~ പൊതുജനങ്ങൾ തന്നെയാവണം
ഈ സമൂഹത്തിലെ അന്ത്യവാക്ക്. പൊതുജനാഭി-
പ്രായത്തെ മറ്റ് ഗൂഢലക്ഷ്യങ്ങളുമായി ആരും സ്വാ-
ധീനിക്കുന്ന ഒരു ശക്തിക്കും നാം ഇടം
നൽകരുത്. ഇത് നാം മലയാളികളുടെ മണ്ണാണ്,
ഈ പ്രളയത്തെയും കൊറോണയെയും ഒക്കെ
അതിജീവിച്ചപോലെ ഇനി വരുന്ന പ്രശ്ന-
ങ്ങളെയും നാം ~~സമീപിക്കുക~~ അതിജീവിക്കും.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)